(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ 62 എണ്ണവും കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ 321 എണ്ണവും പ്രവർത്തിക്കുന്നു.

(പ്രവർത്തനം നിലച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)†

ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ 17-ഉം വ്യവസായ വകുപ്പിന്റെ കീഴിൽ 368-ഉം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ഡി) കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിലുള്ള 6 സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്. മറ്റ് വ്യവസായങ്ങളുടെ വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

ചിറ്റൂർ ഷുഗർ ഫാക്ടറി

123 [1319] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ ഷുഗർ ഫാക്ടറി ഒന്നര വർഷമായി പൂട്ടിക്കിടക്കുന്നത് തുറന്നു പ്രവർത്തിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ജൂൺ 17-ന് ഇൻഡ്യൻ എക്സ്പ്രസ് ദിനപത്രത്തിൽ ഡിസ്റ്റിലറി സഹകാര്യ വ്യക്തികൾക്ക് കൈമാറുന്നതിന് ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ചിറ്റൂർ ഷുഗർ ഫാക്ടറി പുനരുദ്ധാരണത്തിന് രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ്; കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ എത്ര തവണയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ ഷുഗർ ലിമിറ്റഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-ൽ കമ്പനിയുടെ ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റ് ലീസിനു കൊടുക്കുവാനുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടെ വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.† കമ്മിറ്റി രണ്ടു പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ ആത്മഹത്യ

124 [1341] ശ്രീ. ബിനോയ് വിശ്വം:

„ എൻ. രാജൻ:

„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉടമകൾ ഉപേക്ഷിച്ചുപോയതും അടച്ചുപൂട്ടിയതുമായ എത്ര തോട്ടങ്ങൾ ഉണ്ട്;

(ബി) ഈ തോട്ടങ്ങളിലെല്ലാംകൂടി എത്ര തൊഴിലാളികൾ ഉണ്ട്;

(സി) കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനുള്ളിൽ എത്ര തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 21 തോട്ടങ്ങൾ.

(ബി) 15858 തൊഴിലാളികളുണ്ട്.

(സി) തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

"കൂടുതൽ തുക മരണപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്ന ക്ഷേമനിധി ബോർഡുകൾ"

125 [1351] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. രാധാകൃഷ്ണൻ:

„ ടി. കെ. ബാലൻ:

„ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ ക്ഷേമ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിനെക്കാൾ കൂടുതൽ തുക മരണപരമായ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly